ശ്രീ. സി. കേശവൻ: അറിയാൻ പാടില്ല.

ശ്രീ. എം. ഐ. പോൾ: ഈ വസ്തുതയെപ്പറ്റി മുമ്പ് ചോദ്യം ചോദിക്കുകയും അതിനു മറുപടി പറയുകയും ചെയ്തിട്ടുള്ളതായി ഗവൺമെന്റിന് അറിവില്ലേ?

മിസ്റ്റർ സ്പീക്കർ: ചോദ്യം ചോദിച്ചിട്ടുള്ളതായിപ്പോലും അറിവില്ലെന്നു മറുപടി പറഞ്ഞുകഴിഞ്ഞു.

Sri. M. I. Paul: During the last session I have put the same question and answers have be given by the Government.

Mr. Speaker: Is it in this session?

Sri. M. I. Paul: No, in the last session.

Mr. Speaker: So, the answer was given?

Sri. M. I. Paul: No, I want to get some more details.

ASSIGNMENT OF ACCCRETION LANDS

*802.. (8) **Sri. M. I. Paul:** Will the Hon'ble Minister for Revenue be pleased to state.—

(*a*) Whether is a fact that vast areas of accretion lands exist in the Elankunnapuzha village; if so, why are these lands not brought under paddy cultivation; and

(*b*) whether any party or parties have approached the Government for assigning these lands to them; if so, what action has been taken on that?

Minister for Education Food Labour **(Sri. T.K.NarayanaPillai):** (*a*) Yes, about 300 acres; the matter is under consideration.

(*b*) Petitions have been received by Government and the question of leasing out the area is engaging the attention of Government.

ശ്രീ. എം. ഐ. പോൾ: ഇതിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ട് കാലം ധാരാളം കഴിഞ്ഞു എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കുറച്ചുകാലമായിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ: ഈ സ്ഥലം നെൽകൃഷിക്കു പറ്റുകയില്ലെന്നു ഗവൺമെന്റിൽനിന്നും ഒരു കമ്മ്യൂണിക്കേഷൻ എനിക്കു കിട്ടിയിട്ടുണ്ട്. അതു ഗവൺമെന്റിന്റെ അറിവോടുകൂടിയാണോ അയച്ചിട്ടുള്ളതു?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെന്റിന്റെ അറിവോടുകൂടി തന്നെയാണ് അയച്ചിട്ടുള്ളതു. അതിനുശേഷം അതിനെ സംബന്ധിച്ചു വീണ്ടും അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. എം. ഐ. പോൾ: അടുത്തകാലത്തു തന്നെ കൃഷി നടത്താൻ വേണ്ട നടപടികൾ ഗവൺമെന്റു സ്വീകരിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള: ഈ അക്രീഷൻ കടലിൽ നിന്നോ കായലിൽനിന്നോ ആറിൽനിന്നോ എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കടലിൽ നിന്നാണെന്നാണു തോന്നുന്നതു.

മജിസ്ട്രേട്ട് നിയമനം

*വ ൦൧ (൧൦) ശ്രീ. എം. പി. കുഞ്ഞുദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ—

(എ) ഈ അടുത്തകാലത്തു നടന്ന മജിസ്ട്രേട്ട നിയമനത്തിൽ പിന്നോക്കസമുദായങ്ങളിൽനിന്നും എത്ര അപേക്ഷകർ ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly